# പതിനഞ്ചാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 10, വ്യാഴം

# കാര്യവിവരപ്പട്ടിക

**1.** **ചോദ്യങ്ങൾ** :

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2.** **ശ്രദ്ധ ക്ഷണിക്കൽ** :

(1) കൊച്ചി–ബംഗളുരു വ്യവസായ ഇടനാഴി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി കൊച്ചി ഗിഫ്റ്റ് സിറ്റി അടക്കമുള്ള പദ്ധതികൾക്ക് അനുമതി നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള കുടുംബ പെൻഷൻ അനുവദിക്കുന്നതിലെ പുതുക്കിയ വ്യവസ്ഥ ഒഴിവാക്കേണ്ടത് സംബന്ധിച്ച ആവശ്യകതയിലേയ്ക്ക് ശ്രീ. ചാണ്ടി ഉമ്മൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3.** **റിപ്പോർട്ടുകളുടെ സമർപ്പണം:**

(1) കൃഷി വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി I - ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പി. പ്രസാദ് താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2023 – ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ.

(ii) 2023 – ലെ കേരള കന്നുകാലി പ്രജനന ബിൽ.

(2) മുഖ്യമന്ത്രിയും സബ്ജക്ട് കമ്മിറ്റി XIV - ന്റെ അദ്ധ്യക്ഷനുമായ ശ്രീ. പിണറായി വിജയൻ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്:

(i) 2024 – ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ.

(ii) 2024 – ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ.

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. പ്രമോദ് നാരായൺ കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**4.** <u>**ഗവൺമെന്റ് പ്രമേയങ്ങൾ (ചട്ടം 118)**</u>:

(i) 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ജനാധിപത്യവിരുദ്ധ പരിഷ്കരണ നടപടിയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്.)

(ii) ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 2024 – ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്.)

**5.** <u>**നിയമനിർമ്മാണ കാര്യം:**</u>

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2024 – ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ.

(ii) 2024 – ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ.

(iii) 2024 – ലെ കേരള സൂക്ഷ്മ–ചെറുകിട–ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ.

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2024 ഒക്ടോബർ 09.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**
**Twelfth Session**
*Thursday, October 10, 2024*

# LIST OF BUSINESS

**I. <u>Questions</u>:**

Questions entered in the separate list to be asked and answered.

**II. <u>Calling Attention</u>:**

(1) Smt. K. K. Shailaja Teacher to call the attention of the Minister for Law, Industries and Coir to the necessity to materialize Kochi-Bengaluru Industrial Corridor Project by accelerating the action for obtaining sanction for the projects including Kochi Gift City which are part of it.

(2) Shri. Chandy Oommen to call the attention of the Minister for Finance to the necessity to exempt revised norms for granting Family Pension to Physically and Mentally challenged persons.

**III. <u>Presentation of Reports</u>:**

(1) Shri. P. Prasad, Minister for Agriculture and Chairperson, Subject Committee - I to present the Reports of the Subject Committee on the following Bills:

(i) The Kerala Veterinary and Animal Sciences University (Amendment) Bill, 2023.

(ii) The Kerala Bovine Breeding Bill, 2023.

(2) Shri. Pinarayi Vijayan, Chief Minister and Chairperson, Subject Committee - XIV to present the Reports of the Subject Committee on the following Bills:

(i) The Kerala Public Service Commission (Additional Functions as Respects Certain Corporations and Companies) Amendment Bill, 2024.

(ii) The Non-Resident Keralites' Welfare (Amendment) Bill, 2024.

(3) Shri. Pramod Narayan, Chairperson, Committee on Private Members' Bills and Resolution to present Fifteenth Report of the Committee.

**IV. Government Resolutions (Rule 118):**

(i) Shri. Pinarayi Vijayan, Chief Minister to move the Resolution to urge the Central Government to refrain from the anti-democratic 'One Nation One Election' reform.

(Copy of the resolution circulated separately.)

(ii) Shri. V. Abdurahiman, Minister for Welfare of Minorities, Sports, Wakf and Haj Pilgrimage to move the Resolution to urge the Central Government to withdraw The Wakf (Amendment) Bill, 2024, which contains provisions that violate the fundamental principles of the Constitution.

(Copy of the resolution circulated separately.)

**V. Legislative Business:**

Introduction and Motion for reference to Subject Committee of the following Bills:

(i) The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024.

(ii) The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024.

(iii) The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024.

(Discussion to be concluded.)

Secretariat of the Kerala Legislature,
Thiruvananthapuram,
October 09, 2024.

Dr. N. Krishna Kumar,
Secretary.